**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3995** **27-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ വകുപ്പിൽനിന്ന് സപ്ലൈകോയിലേക്കുള്ള അന്യത്രസേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിതരണവകുപ്പിൽ നിന്ന് സപ്ലൈകോയിലേക്കുള്ള അന്യത്രസേവനത്തിനായി 1290 തസ്തികകൾ സൃഷ്ടിച്ചിരുന്നതിൽ നിലവിൽ എത്ര തസ്തികകളിലേക്കാണ് ഡെപ്യൂട്ടേഷൻ നൽകിവരുന്നതെന്ന് വിശദമാക്കാമോ; തസ്തിക തിരിച്ച് എണ്ണം വ്യക്തമാക്കാമോ; | (എ) | നിലവിൽ 1052 തസ്തികകളിലേക്കാണ് ഡെപ്യൂട്ടേഷൻ നൽകി വരുന്നത്. തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. ക്ലാർക്ക്-256 സീനിയർ ക്ലാർക്ക്-215 ഹെഡ് ക്ലാർക്ക്/റേഷനിംഗ് ഇൻസ്പെക്ടർ-403 ജൂനിയർ സൂപ്രണ്ട്/അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ-80 സീനിയർ സൂപ്രണ്ട്/ താലൂക്ക് സപ്ലൈ ഓഫീസർ-74 ജില്ലാ സപ്ലൈ ഓഫീസർ-7 റേഷനിംഗ് കൺട്രോളർ-1 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്-8 ടൈപ്പിസ്റ്റ്-8 ആകെ-1052 |
| (ബി) | എൽ.ഡി.സി., യു.ഡി.സി., എച്ച്.സി. എന്നീ തസ്തികകളിൽനിന്ന് സപ്ലൈകോയിലേക്കുള്ള അന്യത്രസേവനം 10% വീതം ഒരോവർഷവും കുറച്ചുവഴി ഓരോ വിഭാഗത്തിലും എത്ര ജീവനക്കാരുടെ കുറവാണ് ഉണ്ടായിട്ടുള്ളത്; നിലവിലുണ്ടായിരുന്ന തസ്തികകളുടെ എണ്ണവും കുറവു വന്ന തസ്തികകളുടെ എണ്ണവും തരംതിരിച്ച് വ്യക്തമാക്കാമോ; | (ബി) | ക്ലാർക്ക് തസ്തികയിൽ 108, സീനിയർ ക്ലാർക്ക് തസ്തികയിൽ 90, ഹെഡ് ക്ലാർക്ക് തസ്തികയിൽ 40 വീതം ജീവനക്കാരുടെ കുറവ് വന്നിട്ടുണ്ട്. നിലവിലുണ്ടായിരുന്ന തസ്തികകളുടെ എണ്ണവും കുറവ് വന്ന തസ്തികകളുടെ എണ്ണവും തരം തിരിച്ച് ചുവടെ ചേർക്കുന്നു. ക്ലാർക്ക് നിലവിലുണ്ടായിരുന്ന തസ്തിക-364 കുറവ് വന്ന തസ്തിക-108 സീനിയർക്ലാർക്ക് നിലവിലുണ്ടായിരുന്ന തസ്തിക-305 കുറവ് വന്ന തസ്തിക-90 ഹെഡ് ക്ലാർക്ക് നിലവിലുണ്ടായിരുന്ന തസ്തിക-403 കുറവ് വന്ന തസ്തിക-40 |
| (സി) | ഒരോവർഷവും അന്യത്രസേവനം 10% കുറക്കുമ്പോൾ ഈ തസ്തികകളിൽ വകുപ്പുകളിൽ അധികംവരുന്ന ജീവനക്കാരെ (ഡെപ്യൂട്ടേഷൻ കഴിഞ്ഞ് തിരികെ വരുന്നവരുൾപ്പെടെ) എങ്ങനെ നിലനിർത്താൻ സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; പരിഹാരമാർഗ്ഗം ആലോചിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സപ്ലൈകോയിൽ നിന്ന് ഡെപ്യൂട്ടേഷൻ കഴിഞ്ഞ് വരുന്ന ജീവനക്കാരെ റിട്ടയർമെന്റ്, പ്രൊമോഷൻ കൂടാതെ വകുപ്പിൽ നിന്ന് വിടുതൽ ചെയ്തു പോകുന്ന ഒഴിവുകളിലേയ്ക്ക് നിയമിച്ചാണ് നിലവിൽ സർക്കാർ ഉത്തരവ് നടപ്പിലാക്കി വരുന്നത്. |
| (ഡി) | സപ്ലൈകോയിലേക്കുള്ള അന്യത്രസേവനം 10% വെട്ടിക്കുറച്ചനാൾമുതൽ വകുപ്പിൽ പി.എസ്.സി. മുഖേനയുള്ള എൽ.ഡി. ക്ലാർക്കുമാരുടെ | (ഡി) | ഉണ്ട്. 253 നിയമനങ്ങൾ പ്രസ്തുത കാലയളവിൽ വകുപ്പിൽ നടന്നിട്ടുണ്ട്. അതിൽ 38 NJD ആയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | നിയമനങ്ങളിലെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതുതായി എത്ര നിയമനങ്ങളാണ് പ്രസ്തുത കാലയളവിൽ വകുപ്പിൽ നടന്നിട്ടുള്ളത്; വ്യക്തമാക്കാമോ; | | |
| (ഇ) | സപ്ലൈകോയിലെ കൂടുതൽ ഉന്നത തസ്തികകളിലേക്കുള്ള അന്യത്രസേവനം വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഇ) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ